"ഭരണഭാഷ - മാതൃഭാഷ"

നം:എഫ്എസ്(3)2515/2019/ഡിഇആർ

സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്, സിവിൽ സ്റ്റേഷൻ,
അയ്യന്തോൾ, തൃശ്ശൂർ - 680003.
ഇ-മെയിൽ : ecostattsr@gmail.com
☎ 0487 2361339
തീയതി: 01 /06/2020

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ
തൃശ്ശൂർ വിദ്യാഭ്യാസ ജില്ല.

സർ,

വിഷയം:- ബി.എസ്.എൽ.എൽ.ഡി 2018-19 വിവര ശേഖരണം - സംബന്ധിച്ച്.

സൂചന :- 1) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 29/05/2019 ലെ ബി.എസ്.എൽ.എൽ.ഡി/250/2019/ഡിഇഎസ് നമ്പർ കത്ത്.

2)19/02/2020 ന് കൂടിയ ബി.എസ്.എൽ.എൽ.ഡി സർവ്വെ 2018-19 ജില്ലാതല ഏകോപനസമിതി യോഗത്തിലെ തിരുമാനം

കേന്ദ്രസർക്കാരിന്റെ **Support For Statistical Strengthening Project** ൽ ഉൾപ്പെട്ട സ്റ്റാറ്റിസ്റ്റിക്സ് ഫോർ ലോക്കൽ ലെവൽ പ്ലാനിംഗ് എന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതി ആസൂത്രണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിനും വേണ്ട ഡാറ്റ ശേഖരിക്കുക / ക്രോഡീകരിക്കുക എന്ന ലക്ഷ്യത്തോടെ ബി.എസ്.എൽ.എൽ.ഡി സർവ്വെ 2015-16 വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും നടത്തി വരുന്നുണ്ട്. ഈ സർവ്വെയുടെ 2018-19 വർഷത്തെ വിവരശേഖരണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ സൂചന (1)പ്രകാരം ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം 19/02/2020 ൽ ബഹു: തൃശ്ശൂർ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ കൂടിയ ജില്ലാതല ഏകോപന യോഗത്തിൽ സർവ്വെയ്ക്കാവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ 2018-19 വർഷത്തെ ഡാറ്റ ശേഖരണത്തിനായി താങ്കളുടെ പരിധിയിലെ സ്കൂളുകളെ സമീപിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് സർവ്വെ സംബന്ധമായ വിവരങ്ങൾ ഔദ്യോഗികമായി ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

ഉള്ളടക്കം: പ്രൊഫോർമ